(ബി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സെന്ററിനോട് അനുബന്ധിച്ചുള്ള ഫുട്ബോൾ സ്പോർട്ട്സ് ഹോസ്റ്റലിൽ 12 കായികതാരങ്ങളാണ് ഉള്ളത്. ടി കായികതാരങ്ങൾക്ക് മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഗ്രൗണ്ടിൽ സ്ഥിരമായി പരിശീലനം നൽകിവരുന്നു. കൂടാതെ ഈ വർഷം സായി 50 കായികതാരങ്ങൾക്കായി 10 ദിവസത്തെ കോച്ചിംഗ് ക്യാമ്പും നടത്തിയിരുന്നു.

(സി&ഡി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സ്വീകരിച്ചു വരുന്നു.

ലോ ഫ്ളോർ എ.സി. ബസുകളിലെ സൗജന്യ യാത്രാപാസ്

260 (1965) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ എ.സി. ബസുകളിൽ സൗജന്യ യാത്രാ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പോലീസ് ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ.ടി.സി. ലോ ഫ്ലോർ എ.സി. ബസുകളിൽ വാറണ്ട് ഉപയോഗിച്ച് യാത്ര ചെയ്യാൻ അനുവാദമുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസുകളിൽ യാതൊരുവിധ സൗജന്യ യാത്രാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ല.

(ബി) ഇല്ല.

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ്സ്

261 (1966) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ്സ് ഏർപ്പെടുത്തിയ ശേഷമുള്ള സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെസ്സ് ഏർപ്പെടുത്തിയതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ദീർഘദൂര റൂട്ടുകളിന്മേലുള്ള കുത്തക ഇല്ലാതാക്കാൻ സ്വകാര്യ ലോബി ശ്രമം തുടങ്ങിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രശ്നത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ താല്പര്യം സംരക്ഷിക്കുന്നതിനും, യാത്രക്കാർക്ക് മെച്ചപ്പെട്ട് സേവനം ഉറപ്പു വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സാമൂഹ്യസുരക്ഷാ സെസ്സ് ഇനത്തിൽ പ്രതിദിനം ശരാശരി 15 ലക്ഷം മുതൽ 18 ലക്ഷം രൂപ വരെ കെ.എസ്.ആർ.ടി.സി.-ക്ക് അധിക വരുമാനമായി ലഭിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ താൽപര്യം സംരക്ഷിക്കുന്നതിലേക്കായി ദീർഘദൂർ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ സ്വകാര്യ സൂപ്പർക്ലാസ്സ് റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്.

കെ.എസ്.ആർ.ടി.സി ബസ്സ്റ്റേഷനിൽ കോഫീ ഹൗസ് ഔട്ട്ലെറ്റുകൾ

262 (1967) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിൽ കോഫീ ഹൗസ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഭരണസമിതി തീരുമാനം എടുത്തത് എന്നാണ് ;

(ബി) ഏതെല്ലാം സ്റ്റേഷനുകളിൽ ഇതിന്റെ പ്രവർത്തനം തുടങ്ങി എന്ന് വിശദമാക്കുമോ ;

(സി) കൊട്ടാരക്കര ബസ്സ്റ്റേഷനിൽ കോഫീ ഹൗസ് ഔട്ട്ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 26-8-2014-ലാണ് കെ.എസ്.ആർ.ടി.സി. ഭരണസമിതി തീരുമാനം എടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly